ஸ்ரீ. எ. சிதம்பரநாத நாடார் : விஜயமோஹனி மில்லில் நூல் விநியோகம் செய்ய ஏற்படுத்தப்பட்டிருக்கும் அர்சுனன் என்பவர் ஏதோ ஒரு மது கடமையைச் சரியாகச் செய்வதில்லை என்பது தெரியவருமா ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അറിവില്ല.

ஸ்ரீ. எ. சிதம்பரநாத நாடார் : அர்ஜுனன் என்பவர் ஒருவர் நூல் விநியோகம் செய்து கொண்டிருக்கிறார் என்று சர்க்காருக்குத் தெரியவருமா ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അറിയാം.

സാഹിബ് ബഹദൂർ കെ. എ. മുഹമ്മദ് . ഈ സംസ്ഥാനത്തു് ഡ 0-ാം നമ്പർ നൂൽ ഉപയോഗിക്കുന്ന തറികൾ എത്രയെന്നുള്ള വിവരങ്ങൾ വല്ലതും ഗവൺമെണ്ടു് ശേഖരിച്ചിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ശേഖരിച്ചിട്ടുണ്ടോ എന്നറിയാൻ പാടില്ല.

ആർ. ശങ്കർ : നമുക്കു് പ്രധാനമായി ആവശ്യമുള്ളതു് ഡ 0-ാം നമ്പർ നൂലായതുകൊണ്ടു് അതു് കൂടുതലായി തരണമെന്നു് ആവശ്യപ്പെടരുതോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അങ്ങിനെ ആവശ്യമുള്ളിടത്തോളം ഡ 0-ാം നമ്പർ നൂൽ മാത്രം ലഭിക്കുവാൻ വിഷമമാണു്.

ശ്രീ. ആർ. ശങ്കർ : ആവശ്യമുള്ളിടത്തോളം ഡ 0-ാംനമ്പർ നൂൽ തരണമെന്നാവശ്യപ്പെട്ടുകൊണ്ടു് ഇൻഡ്യാഗവൺമെണ്ടിലേക്കു് നിവേദനം സമർപ്പിച്ചിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഉണ്ടു്.

ശ്രീ. കെ. എ. മുഹമ്മദ് : ഇൻഡ്യാ ഗവൺമെണ്ടിൽനിന്നും അലോട്ടു ചെയ്യുന്നതു മുഴുവനും ഇവിടത്തെ ആവശ്യത്തിനുള്ള നൂലാണോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ . ഇവിടെ പ്രധാനമായി ആവശ്യമുള്ള നൂലും മറ്റു തരങ്ങളുമുണ്ടാവും. മറ്റു പ്രദേശങ്ങളിലേക്കു് അലോട്ടു ചെയ്യുന്നതുപോലെ ഈ സംസ്ഥാനത്തിനും അലോട്ടു ചെയ്യുന്നു.

ഫാക്ടറീസു് ആക്ടു്

*൩ 0൭. (ഡ ഉ) ശ്രീ. പിലിപ്പോസു് മുതലാളി: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ലേബർവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) കഴുഅണ്ടി ഫാക്ടറികളിൽ ഫാക്ടറീസു ആക്ടിലെ വ്യവസ്ഥകൾ പാലിക്കുന്നുണ്ടോ എന്നു വല്ല അന്വേഷണവും ഗവൺമെണ്ടു് നടത്തിയിട്ടുണ്ടോ;

(ബി) തൊഴിലാളികളുടെ ആരോഗ്യത്തെ സംബന്ധിക്കുന്നതായ ഫാക്ടറീസ് ആക്ടിലെ വ്യവസ്ഥകൾ മിക്ക ഫാക്ടറികളിലും പാലിക്കപ്പെടുന്നില്ല എന്നുള്ളതു് ഗവൺമെണ്ടിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(സി) ഈ നില പരിഹരിക്കുന്നതിനു എന്തു നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു?

വിദ്യാഭ്യാസവും തൊഴിലും സിവിൽ സപ്ലൈസും വകുപ്പു മന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ഉണ്ടു്. ചീഫ് ഇൻസ്പെക്ടർ ആഫ് ഫാക്ടറീസും ഫാക്ടറി ഇൻസ്പെക്ടറന്മാരും കൂടക്കൂടെ ഇൻസ്പെക്ഷൻ നടത്താറുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) അങ്ങനെ ശ്രദ്ധയിൽ പെട്ടിട്ടില്ല. ഫാക്ടറി ഇൻസ്പെക്ഷന്റെ ഫലമായി അങ്ങിനെയുള്ള വ്യവസ്ഥകൾ ഊർജ്ജിതമായി നടപ്പാക്കുന്നുണ്ട്. വ്യവസ്ഥകൾ നടപ്പാക്കാത്തവരെ പ്രോസിക്യൂട്ട് ചെയ്യുന്നുണ്ട്. കഴുത്തുണ്ടി ഫാക്ടറികളുടെമേൽ ഫാക്ടറീസ് ആക്ടനുസരിച്ചു നാലു പ്രോസിക്യൂഷൻ നിലവിലിരിക്കുന്നുണ്ട്.

(സി) മുകളിൽ നല്കിയിരിക്കുന്ന ഉത്തരങ്ങൾ നിമിത്തം ഈ ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. പി ലിപ്പോസ് മുതലാളി: എന്നാത്തു കഴുത്തുണ്ടി ഫാക്ടറിയിൽ ഈ വ്യവസ്ഥകൾ പാലിക്കുന്നില്ലെന്നു വല്ല നിവേദനങ്ങളും ഗവണ്മെണ്ടിനു ലഭിച്ചിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: എന്റെ കയ്യിലുള്ള റിക്കാട്ടുകളിൽ കാണുന്നില്ല. പക്ഷെ കിട്ടിക്കാണും. ബഹു. മെമ്പർ പറഞ്ഞതുകൊണ്ട് അങ്ങിനെ ഒരു നിവേദനം കിട്ടീട്ടുണ്ടെന്നതന്നെ ഞാൻ വിചാരിക്കുന്നു.

ശ്രീ. പി ലിപ്പോസ് മുതലാളി: അതേസംബന്ധിച്ച് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതു മേൽ നടപടികൾക്കായി ലേബർ കമ്മീഷണറെ ഏല്പിച്ചിട്ടുണ്ടാവും.

ശ്രീ. എ. കെ. പാച്ചുപിള്ള: എന്നാത്തു ഫാക്ടറിയുടെ ഉടമസ്ഥൻ ആരാണ്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അറിയാൻ പാടില്ല.

ശ്രീ. എ. കെ. പാച്ചുപിള്ള: അതു് മിസ്റ്റർ തങ്കമണ്ണു മുസലിയാരാണെന്നറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇപ്പോൾ മെമ്പർ പറഞ്ഞപ്പോൾ മനസ്സിലായി. അദ്ദേഹത്തിന്റെ പേരിൽ ഇപ്പോൾ രണ്ടു പ്രോസിക്യൂഷൻ കേസ്സുകൾ നിലവിലുണ്ട്.

[Question No. *508 (22) was not put by the Member]

PRICE OF PADDY

***509. [23] Sri. E. P. Poulose :** Will the Hon'ble Minister for Education, Labour and Civil Supplies be pleased to state whether Government have considered the demand for higher price for paddy purchased from cultivators?

Minister for Education, Labour and Civil Supplies **(Sri. Panampilli Govinda Menon):** The matter is under consideration.

ശ്രീ. ഇ. പി. പൗലോസ്: നെല്ല് ഉല്പാദിപ്പിക്കുന്നതിനെ സംബന്ധിച്ചു റിസർച്ചു് ഡിപ്പാർട്ടുമെണ്ടിൽനിന്നും ഒരു സ്റ്റാറ്റിസ്റ്റിക്സ് എടുക്കുന്നതിൽ ഉല്പാദനച്ചിലവിനെപ്പറ്റി പരിഗണിക്കണമെന്നു് ഗവണ്മെണ്ടു് വിചാരിക്കുന്നുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: നിവേദനത്തിൽ പറഞ്ഞിട്ടുള്ള കാര്യങ്ങളിൽ ഒന്നു അതാണ്.

ശ്രീ. ഇ. പി. പൗലോസ്: അതു് അടുത്തകാലത്തു തയാറാക്കുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതു് ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

LIBRARY ARCHIVES Kerala Legislative Assembly